# KERALA STATE
# FINANCIAL ENTERPRISES STAFF ASSOCIATION

**Reg. No. 181/71, Kottappuram Road, Thrissur - 4**

**(Affiliated to C.I.T.U. R. No. K. 1128)**

**E-mail : ksfeacitu@yahoo.co.in Web : www.ksfesa.com**

President
**A.K. Balan MLA**
Mob : 9846361111

General Secretary
**S. Muraleekrishnapillai**
Mob : 9446538432


## സർക്കുലർ 15/2015

സഖാക്കളെ സുഹൃത്തുക്കളെ,

നമ്മുടെ സംഘടനയുടെ സംസ്ഥാന സെക്രട്ടറിയേറ്റ് യോഗവും സംസ്ഥാന കമ്മറ്റിയംഗ ങ്ങളുടെ യോഗവും 20–8–2015ൽ ചേർന്നു.

### ബോണസ് – ഇൻസെന്റീവ് ചർച്ച

21.8.2015 ന് രാവിലെ 11.30 ന് കോട്ടയം അർക്കാഡിയ ഹോട്ടലിൽ വച്ച് ബോണസ് – ഇൻസെന്റീവ് ചർച്ച നടന്നു. KSFE യുടെ ബിസിനസ് വർദ്ധനവിനും ലാഭ വളർച്ചയ്ക്കും സഹായ കരമായ നിലപാട് സ്വീകരിച്ച ജീവനക്കാരെ മാനേജ്മെന്റ് അഭിനന്ദിച്ചു.

2014 – 15 സാമ്പത്തിക വർഷം 209.48 കോടി രൂപ പ്രവർത്തന ലാഭവും 137.66 കോടി രൂപ നികുതി ബാധ്യതയും 25.65 കോടി രൂപ Allocable Surplus ഉം 25.55 കോടി രൂപ Balance Allocable Surplus ഉം കാണിക്കുന്ന കണക്കാണ് മാനേജ്മെന്റ് അവതരിപ്പിച്ചത്. മൊത്തം ശമ്പളചെലവ് 256.91 കോടി രൂപയാണ്. ഇതിൽ 4593 വർക്ക്മെൻ ജീവനക്കാരുടെ ശമ്പളം 121 കോടിരൂപയും 1743 ഓഫീസർമാരുടെ ശമ്പളം 136 കോടി രൂപയുമാണ്.

### തീരുമാനങ്ങൾ

**1) ഫെസ്റ്റിവൽ അഡ്വാൻസ്**

താഴെ കൊടുത്തിരിക്കുന്ന രീതിയിൽ ഫെസ്റ്റിവൽ അഡ്വാൻസ് നൽകുവാൻ തീരുമാനിച്ചു.

| | |
|---|---|
| വർക്ക്മെൻ (PTS) | - 33,000 രൂപ |
| വർക്ക്മെൻ (PTS ഒഴികെ) | - 42,000 രൂപ |
| ഓഫീസർമാർ | - 46,000 രൂപ |

**2) ബോണസ്**

20% നിരക്കിൽ ബോണസ് നൽകുവാൻ തീരുമാനിച്ചു. 2014 – 15 സാമ്പത്തിക വർഷത്തിൽ പ്രതിമാസം 10000/- രൂപയിൽ കൂടുതൽ ശമ്പളം ലഭിച്ചവർക്ക് ബോണസ് ലഭിക്കുന്നതല്ല. 10000/- രൂപവരെ ശമ്പളം വാങ്ങിയ മാസങ്ങളിൽ പ്രതിമാസം 700/- രൂപ നിരക്കിൽ ഇവർക്ക് ബോണസ് ലഭിക്കും. 335 പേർക്ക് മാത്രമാണ് ബോണസിന് അർഹതയുള്ളത്. ഇത്തവണ ബോണസ് നൽകുവാൻ 10 ലക്ഷം രൂപ മതിയാകും.

### 3) ഫെസ്റ്റിവൽ അലവൻസ്

ബോണസിന് അർഹതയില്ലാത്തവർക്ക് 2400/- രൂപയും റിട്ടയർ ചെയ്ത ജീവനക്കാർക്ക് 2100/- രൂപയും ഫെസ്റ്റിവൽ അലവൻസ് ലഭിക്കും. 31.3.2015 നു ശേഷം സർവ്വീസിൽ പ്രവേശിച്ചവർക്ക് 2400/- രൂപാ ഫെസ്റ്റിവൽ അലവൻസും 2400/-രൂപ ഇൻസെന്റീവും ലഭിക്കും. Ex-Service Assistant ന് 2800/- രൂപയും Ex-Service Office Attendant ന് 2600/- രൂപയും gold appraiser വിഭാഗത്തിന് 2500/- രൂപയും ഏജന്റുമാർക്ക് 900/- രൂപയും Festival Allowance ലഭിക്കും.

### പെർഫോർമൻസ് ഇൻസെന്റീവ്

കഴിഞ്ഞ വർഷം നൽകിയ തുക (18.74 കോടി രൂപ) ഇൻസെന്റീവ് നൽകുന്നതിന് മാനേജ്മെന്റ് സന്നദ്ധമാണെന്ന് ചെയർമാൻ അറിയിച്ചു. കഴിഞ്ഞവർഷത്തെ 163.57 കോടി രൂപ ലാഭത്തിൽ നിന്നും ഈ വർഷം 209.48 കോടി രൂപയായി വർദ്ധിച്ച സാഹചര്യം പരിഗണിച്ച് ഇൻസെന്റീവിൽ മാന്യമായ വർദ്ധനവ് ഉണ്ടാകണമെന്ന് നമ്മൾ ആവശ്യപ്പെട്ടു. മൂന്ന് മണിക്കൂറോളം ചർച്ച തുടർന്നെങ്കിലും സമവായമുണ്ടായില്ല. ചർച്ചയുടെ അവസാനം 8% നൽകാമെന്ന് മാനേജ്മെന്ററിയിച്ചുവെങ്കിലും ധാരണയുണ്ടായില്ല. വൈകുന്നേരം 7 മണിക്ക് ധനകാര്യ മന്ത്രി ശ്രീ. കെ. എം. മാണിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച തുടർന്നു. ചർച്ചക്കൊടുവിൽ 8.25% ഇൻസെന്റീവ് നൽകുവാൻ തീരുമാനിച്ചു. ഇൻസെന്റീവ് മിനിമം തുക 2400/- രൂപയും പരമാവധി തുക 100000/- രൂപയുമായി നിജപ്പെടുത്തി.

### ബോണസ് ഇൻസെന്റീവ് ലെവി

മുൻകാലങ്ങളിലെപ്പോലെ 3% നിരക്കിൽ അംഗങ്ങളിൽനിന്നും ബോണസ് ഇൻസെന്റീവ് ലെവി പിരിച്ചെടുക്കുവാൻ തീരുമാനിച്ചു. ഫെസ്റ്റിവൽ അലവൻസിന് ലെവി ഈടാക്കുവാൻ പാടില്ല. ബോണസ് തുകയിൽ നിന്നും 2400/- രൂപ കിഴിച്ചുള്ള തുകയ്ക്കാണ് ബോണസ് ലെവി കണക്കാക്കേണ്ടത്.

### സെപ്തംബർ 2 ദേശീയ പണിമുടക്ക്

വിലക്കയറ്റം നിയന്ത്രിക്കുക, പൊതു മേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുക, തൊഴിൽ നിയമങ്ങൾ മുതലാളിമാർക്കനുകൂലമായി ഭേദഗതി ചെയ്യാനുള്ള നീക്കത്തിൽ നിന്നും പിന്തിരിയുക, സുസ്ഥിരമായ പെൻഷൻ നടപ്പിലാക്കുക, ബോണസിന്റെ പരിധി എടുത്തുകളയുക എന്നിങ്ങനെ 12 ഇന ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 11 കേന്ദ്ര-ട്രേഡ് യൂണിയനുകളുടേയും കേന്ദ്ര-സംസ്ഥാന പൊതുമേഖലാ ജീവനക്കാരുടേയും ബാങ്ക് - ഇൻഷ്വറൻസ് ജീവനക്കാരുടേയും സംയുക്താഭിമുഖ്യത്തിൽ നടക്കുന്ന ദേശീയ പണിമുടക്ക് ചരിത്ര വിജയമാക്കുവാൻ എല്ലാ ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു. 2015 സെപ്തംബർ 2 ന് നടക്കുന്ന ദേശീയ പണിമുടക്കിൽ KSFE ജീവനക്കാരും പങ്കെടുക്കുമെന്ന് അറിയിച്ചുകൊണ്ട് മാനേജ്മെന്റിന് KSFE സ്റ്റാഫ് അസോസിയേഷൻ (CITU) ഉം FEEA (INTUC) യും സംയുക്തമായി പണിമുടക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

അഭിവാദനങ്ങളോടെ,



**എസ്. മുരളികൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി
KSFE സ്റ്റാഫ് അസോസിയേഷൻ (CITU)

കോട്ടയം
21-8-2015

**എല്ലാ ജീവനക്കാർക്കും KSFESA - CITU ന്റെ ഓണാശംസകൾ....**